"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- പൂർണ്ണമായ കാഴ്ച വൈകല്യമുള്ള വിധവയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായിരുന്ന പരേതനായ രാഘവ മേനോന്റെ മകളുമായ ശ്രീമതി കെ.ഗിരിജയ്ക്ക് കുടുംബ പെൻഷൻ അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.56/2025/HOME        തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. ശ്രീമതി. കെ ഗിരിജ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 02/11/2023 തീയതിയിലെ അപേക്ഷ.
2. WP(C) 20058/2024-നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 06/06/2024 തീയതിയിലെ വിധിന്യായം.
3. ശ്രീമതി. കെ ഗിരിജ ഫയൽ ചെയ്ത Contempt Case No.2628/2024.

**ഉത്തരവ്**

100% കാഴ്ച വൈകല്യമുള്ള വിധവയായ ശ്രീമതി കെ.ഗിരിജയുടെ പിതാവ് കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി 30.11.1980-ൽ വിരമിക്കുകയും, 15.12.1989-ൽ മരണപ്പെടുകയും ചെയ്തു. പിതാവിന്റെ മരണശേഷം, കുടുംബ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന അമ്മ വിജയലക്ഷ്മിയും 28.03.2021- ൽ മരണപ്പെട്ടു. തുടർന്ന് കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട് III-ലെ റൂൾ 90 പ്രകാരം തനിക്ക് കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു പരാമർശം ഒന്ന് പ്രകാരം ശ്രീമതി കെ.ഗിരിജ അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട് III-ലെ റൂൾ 90 പ്രകാരം കുടുംബ പെൻഷന് അർഹതയില്ലെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത അപേക്ഷ സർക്കാർ നിരസിച്ചിരുന്നു.

2) ടി അപേക്ഷ നിരസിച്ചതിനെത്തുടർന്ന്, കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട്- III ലെ റൂൾ 90 പ്രകാരം തനിക്ക് കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ഗിരിജ കെ. ബഹു.ഹൈക്കോടതി മുൻപാകെ WP(C) നമ്പർ 20058/2024 ഫയൽ ചെയ്തു. ടി കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം 2-ലെ വിധിന്യായത്തിൽ, Exhibit-P10, P11, P18 എന്നിവ

റദ്ദാക്കുകയും കുടുംബ പെൻഷനു വേണ്ടി ശ്രീമതി കെ.ഗിരിജ സമർപ്പിച്ച അപേക്ഷ/നിവേദനം (Exhibit- P6 & P12) കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട്- III ലെ റൂൾ 90 സബ് റൂൾ (ഡി) പ്രകാരം പരിഗണിക്കാനും, പ്രസ്തുത വിഷയം 2 മാസത്തിനുള്ളിൽ തീർപ്പാക്കാനും ഉത്തരവായി. ടി കോടതി ഉത്തരവ് യഥാസമയം നടപ്പിക്കുന്നില്ലെന്നു ആരോപിച്ച് ടിയാൾ പിന്നീട് പരാമർശം (3) പ്രകാരം കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ, ശ്രീമതി കെ ഗിരിജയുടെ വാർഷിക വരുമാനം 48,000/-രൂപയാണെന്നതിന് ചിറ്റൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റും, അമ്മയായ കെ. വിജയകുമാരി അമ്മ മരണപ്പെട്ട 28/03/2021 വരെ പരാതിക്കാരി അമ്മയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നതെന്ന് ചിറ്റൂർ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും, പരേതയായ കെ. വിജയകുമാരി അമ്മയുടെ നിയമപരമായ അവകാശികളിൽ ഒരാളാണ് പരാതിക്കാരിയെന്നതിനുള്ള അവകാശ സർട്ടിഫിക്കറ്റും, പരാതിക്കാരി 'degenerative myopia' ഉള്ള ആളാണെന്നും, പ്രസ്തുത രോഗം കാരണം 100% കാഴ്ച വൈകല്യമുണ്ടായിട്ടുണ്ടെന്നും ചിറ്റൂർ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റും അപേക്ഷക ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൂർണ്ണമായ കാഴ്ച വൈകല്യമുള്ള വിധവയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായിരുന്ന പരേതനായ രാഘവ മേനോന്റെ മകളുമായ ശ്രീമതി കെ.ഗിരിജ സമർപ്പിച്ച അപേക്ഷ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭാവിയിൽ ഇതൊരു കീഴ്വഴക്കമാക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

5) ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

ശ്രീമതി കെ.ഗിരിജ, രാഗം,അനിക്കോട്,ചിറ്റൂർ,പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരളം,തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (നം.2844367/EXP-D2/148/2024/FIN തീയതി 03.01.2025)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2764 തീയതി. 18.03.2025)

വെബ്ബ് ആന്റ് ന്യൂ മീഡിയ,ഐ&പി.ആർ.ഡി(ഗവ.വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar. S
Date: 20-03-2025 14:20:55

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-03-2025**

ഫയൽ നം. സി1/104/2024/ആഭ്യന്തരം. ഇനം നം: 2764

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - ശ്രീമതി. കെ. ഗിരിജയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് കുടുംബ പെൻഷൻ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
19 MAR

2764

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/104/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി - ശ്രീമതി കെ.ഗിരിജക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് കുടുംബ പെൻഷൻ അനുവദിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/02/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/02/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 01/03/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03/03/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പൂർണ്ണ കാഴ്ച വൈകല്യമുള്ള, വിധവയും മരണപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായ കെ രാഘവ മേനോന്റെ മകളുമായ ശ്രീമതി കെ.ഗിരിജക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് കുടുംബ പെൻഷൻ അനുവദിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2) ശ്രീമതി ഗിരിജ 100% കാഴ്ച വൈകല്യമുള്ള ഒരു വിധവയാണ്. അവരുടെ പിതാവ് കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി 30.11.1980-ൽ വിരമിക്കുകയും 15.12.1989-ൽ മരിക്കുകയും ചെയ്തു. പിതാവിന്റെ മരണശേഷം, കുടുംബ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന അമ്മ വിജയലക്ഷ്മിയും 28.03-2021-ൽ മരണപ്പെട്ടു. അമ്മയുടെ മരണശേഷം, ശ്രീമതി കെ ഗിരിജ കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട് III-ലെ റൂൾ 90 പ്രകാരം കുടുംബ പെൻഷന് അപേക്ഷിച്ചു. കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട് III-ലെ റൂൾ 90 പ്രകാരം കുടുംബ പെൻഷന് അർഹതയില്ലെന്ന് ചൂണ്ടിക്കാട്ടി ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ 06/07/2023-ലെ കത്ത് പ്രകാരം പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു.

3) അതേത്തുടർന്ന്, കേരള സർവീസ് റൂൾസ് (കെഎസ്ആർ) പാർട്ട് III ലെ റൂൾ 90 പ്രകാരം കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീമതി ഗിരിജ കെ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) നമ്പർ 20058/2024 ഫയൽ ചെയ്തു. ബഹുമാനപ്പെട്ട കോടതി 06/06/2024 ലെ വിധിന്യായത്തിൽ ഇപ്രകാരം ഉത്തരവായി:-

*" Accordingly, Exhibit Nos. P10, P11 and P18 stand quashed and the 1st respondent is directed to take up Ext.P6 application along with the Ext.P12 representation, taking into consideration clause (d) sub Rule 90 Part III KSR,and pass final orders within a period of 2 months from the date of receipt of a copy of this judgment."*

4) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു ,

*"As per KSR Part III Rule 90(6)(d), children of the employee suffering from physical/mental disorder/disability is eligible for family pension. For sanctioning family pension to disabled children of an employee, the medical certificate in the prescribed format as per G.O.*

*(P)No.526/2003/FIN Dated 09/10/2003 is to be produced. Smt. Girija K. has not furnished the medical documents to prove that, her disability is congenital. Hence her claim cannot be considered in the category of KSR Part III Rule 90(6)(d). Rule 54 of Central Civil Service Pension Rules is not yet made applicable to the Judicial Officers for the purpose of granting family pension."*

5) അതേസമയം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 06/06/2024 ലെ WP(C) നമ്പർ 20058/2024 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കിയില്ലെന്ന് ആരോപിച്ച് പരാതിക്കാരി 2628/2024 നമ്പർ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തു. 23/01/2025 ലെ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി:-

*"The respondent shall appear in person or through video conference, on the next posting date. If orders are passed before that the personal appearance of the respondent, shall stand dispensed with."*

6) ഫയൽ ചംക്രമണം ചെയ്തപ്പോൾ, ബഹു.മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി.

*"ധനകാര്യ വകുപ്പ് മന്ത്രി കണ്ട് സമർപ്പിക്കുക"*

7) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"കുടുംബ പെൻഷൻ നൽകുന്നത് ഒരു അവകാശമല്ല. ചട്ടം അനുശാസിക്കുന്ന രീതിയിൽ അർഹത വന്നാൽ മാത്രമാണ് കുടുംബ പെൻഷൻ നൽകുന്നതെന്ന് WP( C) No. 28468/2008 02.02.2011 ലെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട് ആയതിനാൽ ചുവടെ സൂചിപ്പിക്കുന്ന കാരണങ്ങളാൽ ശ്രീമതി. ഗിരിജക്ക് KSR Part III ചട്ടം 90(6)(d) അനുസരിച്ച് കുടുംബപെൻഷന് അർഹതയില്ല.*

*i. ഈ വൈകല്യം ശ്രീമതി.ഗിരിജക്ക് അവരുടെ ഉപജീവനമാർഗം കണ്ടെത്താനാകാത്ത അവസ്ഥയിലെത്തിച്ചുയെന്ന് തെളിയിക്കുവാനും കഴിഞ്ഞിട്ടില്ല. (09.10.2003-ലെ G.O.(P) 526/2003/Fin)*

*ii. മരണമടഞ്ഞ പെൻഷണറെ/കുടുംബ പെൻഷണറെ പൂർണ്ണമായി ആശ്രയിച്ചാണ് ശ്രീമതി.ഗിരിജ ജീവിച്ചിരുന്നതെന്നും ജീവിക്കാൻ മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ലയെന്നു തെളിയിക്കുവാനും കഴിഞ്ഞിട്ടില്ല (KSR Part III ചട്ടം 90(6),(7))*

*iii. മരണമടഞ്ഞ പെൻഷണറുടെ കുടുംബ പെൻഷണറുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.( Note 5 below Rule 90(6) KSR Part III)*

iv. ജീവനക്കാരന്റെ ശാരീരിക / മാനസിക വൈകല്യം ഉള്ള മക്കളുടെ വിവരങ്ങൾ Service Book/ Form 5A/PPO എന്നിവയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. പെൻഷണർ ശാരീരിക വൈകല്യം ഉള്ള മകളായ ശ്രീമതി.ഗിരിജയുടെ പേര് Service Book/Form 5A/PPO എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.(KSR Part III ചട്ടം 90(7) ലെ പ്രൊവിസൊ, 90(13))
v. ചിറ്റൂർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ ബോർഡ് മെമ്പേഴ്സ് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കേറ്റിൽ വൈകല്യം ജന്മനാ ഉള്ളതാണെന്ന് തെളിയിക്കാൻ സാധിച്ചിട്ടില്ല.
vi. 13/04/2019 ൽ ഭർത്താവ് മരണമടയുന്നത് വരെ ഭർത്താവിനും ഏകമകനൊപ്പവും നിലവിൽ മകനൊപ്പവും താമസിച്ച് വരുന്ന ശ്രീമതി.ഗിരിജ മരണമടഞ്ഞ പെൻഷണറെ/ കുടുംബ പെൻഷണറെ പൂർണ്ണമായി ആശ്രയിച്ചാണ് ജീവിച്ചിരുന്നതെന്ന് പറയുവാൻ കഴിയില്ല.
vii. കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്ന് വിരമിക്കുന്നവരുടെ കുടുംബപെൻഷൻ KSR Part III ചട്ടം 90 അനുശാസിക്കുന്ന രീതിയിൽ അർഹത വന്നാൽ മാത്രമാണ് കുടുംബ പെൻഷൻ നൽകുന്നത്. കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്ന് വിരമിക്കുന്നവർക്ക് Rule 54 of Central Civil Service Pension Rules ബാധകമല്ല.
viii. വിധവകളായ മകൾക്ക് Rule 54 of Central Civil Service Pension Rules പ്രകാരം കുടുംബ പെൻഷൻ കേന്ദ്ര സർക്കാർ നൽകി വരുന്നുണ്ടെങ്കിലും KSR Part III ചട്ടം 90 അനുസരിച്ച് സംസ്ഥാന സർക്കാർ വിധവകളായ മകൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നില്ല

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ അനുസരിച്ച് ചട്ടം അനുശാസിക്കുന്ന രീതിയിൽ അർഹത ഇല്ലാത്തതിനാൽ കുടുംബ പെൻഷന് ശ്രീമതി.ഗിരിജക്ക് അർഹതയില്ല. ഭരണ വകുപ്പ് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ ഉൾകൊള്ളിച്ച് വിശദമായ ഒരു ഉത്തരവ് പുറപ്പെടുവിച്ച് 05/11/2024- ലെ Contempt Case No.2628/2024 ലെ വിധി പാലിക്കാവുന്നതാണ്.

ഇതിന് ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്."

8) ധനകാര്യ വകുപ്പിന്റെ അഭിപ്രായ സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ, ബഹു.മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി

ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ആനുകൂല്യം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക. ഇക്കാര്യം ഉൾപ്പെടുത്തി വിശദമായ അഫിഡവിറ്റ് ബഹു. കോടതി മുമ്പാകെ സമർപ്പിക്കുക.

9) 2025 ഫെബ്രുവരി 6-ന് കോടതിയലക്ഷ്യ കേസ് നമ്പർ 2628/2024 വാദം കേട്ടപ്പോൾ, WP(C) No.20058/2024 ലെ 06.06.2024 ലെ കോടതി ഉത്തരവ് നടപ്പിലാക്കുവാൻ 06.02.2025 മുതൽ നാല് ആഴ്ച സമയം ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ചു

10) ഹർജിക്കാരൻ സമർപ്പിച്ച രേഖാമൂലമുള്ള തെളിവുകൾ പരിശോധിച്ചതിൽ നിന്ന്, താഴെപ്പറയുന്ന വസ്തുതകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്;-

1)ചിറ്റൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം, പരാതിക്കാരിയുടെ വാർഷിക വരുമാനം 48,000/-രൂപ മാത്രമാണ്.

2) അമ്മയായ കെ. വിജയകുമാരി അമ്മ മരണപ്പെട്ട 28/03/2021 വരെ പരാതിക്കാരി അമ്മയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നതെന്ന് ചിറ്റൂർ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) അവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരിച്ച കെ. വിജയകുമാരി അമ്മയുടെ നിയമപരമായ അവകാശികളിൽ ഒരാളാണ് പരാതിക്കാരി

4) പരാതിക്കാരിക്ക് 'degenerative myopia' ഉള്ള ആളാണെന്നും, പ്രസ്തുത രോഗം കാരണം 100% കാഴ്ച വൈകല്യമുണ്ടായിട്ടുണ്ടെന്നും ചിറ്റൂർ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

## *തീരുമാനിക്കേണ്ട വിഷയം*

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായിരുന്ന പരേതനായ രാഘവ മേനോന്റെ പൂർണ്ണമായ കാഴ്ച വൈകല്യമുള്ള, വിധവയായ മകൾ ശ്രീമതി കെ.ഗിരിജക്ക്, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് ഭാവിയിൽ ഇതൊരു കീഴ്വഴക്കമാക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കുടുംബ പെൻഷൻ അനുവദിക്കാമോ?